# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** **04.05.2017 ൽ മറുപടിക്ക്**
**ചോദ്യം നമ്പർ : 1860**

**"സിറ്റി ഗ്യാസ്" പദ്ധതി**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.ചിറ്റയം ഗോപകുമാർ**<br>**ശ്രീ.ഇ.കെ.വിജയൻ**<br>**ശ്രീ. വി. ആർ. സുനിൽകുമാർ**<br>**ശ്രീമതി. സി. കെ . ആശ** | | **ശ്രീ. എ.സി. മൊയ്തീൻ**<br>**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| (എ) | സംസ്ഥാനത്ത് എൽ. എൻ. ജി പൈപ്പ് ലൈൻ കടന്നു പൊകുന്ന ജില്ലകളിൽ "സിറ്റി ഗ്യാസ്" പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) & (ബി) | നിലവിൽ കൊച്ചി നഗരത്തിൽ സിറ്റി ഗ്യാസ് പദ്ധതിയുടെ നിർമ്മാണപ്രവർത്തനങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. കൂടാതെ, കൊച്ചി മുതൽ മംഗലാപുരം വരെ പൈപ്പ് ലൈൻ കടന്നുപോകുന്ന തൃശ്ശൂർ. മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ കൂടി സിറ്റി ഗ്യാസ് പദ്ധതി നടപ്പിലാക്കാൻ തീരുമാനമായിട്ടുണ്ട്. |
| (ബി) | ഏതൊക്കെ ജില്ലകളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതെന്ന് അറിയിക്കുമോ; | | |
| (സി) | പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വ്യക്തമാക്കുമോ? | (സി) | ഗെയിൽ വാതക പൈപ്പ് ലൈൻ നിർമ്മാണം പൂർത്തിയാകുന്നതോടൊപ്പം തന്നെ സിറ്റി ഗ്യാസ് പദ്ധതികൾക്കുള്ള നടപടികൾ ആരംഭി ക്കുന്നതിന് സർക്കാർ പെട്രോളിയം ആന്റ് നാച്ചുറൽ ഗ്യാസ് റെഗുലേറ്ററി ബോർഡ് ( പി എൻ ജി ആർ ബി) നോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇന്ത്യൻ ഓയിൽ അദാനി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡ് നിലവിൽ എറണാകുളം ജില്ലയിൽ മാത്രമാണ് സിറ്റി ഗ്യാസ് വിതരണ പദ്ധതി നടപ്പിലാക്കുന്നത്. നിലവിൽ കളമശ്ശേരി മുനിസിപ്പാലിറ്റിയിൽ 462 ഗാർഹിക കണക്ഷനു കൾക്കും 2 വാണിജ്യ കണക്ഷനുകൾക്കും ഉള്ള രജിസ്ട്രേഷൻ സ്വീകരിക്കുകയും അതുടനെ നൽകാനും കഴിയുകയും ചെയ്യും. ഗാർഹിക വാണിജ്യ വ്യാവസായിക ഉപഭോക്താക്കളിലേക്ക് ഗ്യാസ് വിതരണം ചെയ്യുന്നതിനായുള്ള പ്രവർത്തനങ്ങൾ ത്വരിതഗതിയിലാണ്. |

**സെക്ഷൻ ഓഫീസർ.**